**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5836** **08-07-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി കടിശിക നൽകാൻ നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി. ഉബൈദുള്ള</td><td colspan="2">ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>വിശപ്പ് രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ മലപ്പുറം മണ്ഡലത്തിൽ എത്ര ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടെന്നതിന്റെയും എത്രയെണ്ണം അടച്ചുപൂട്ടിയെന്നതിന്റെയും വിശദാംശം നൽകുമോ;</td><td>(എ)</td><td>മലപ്പുറം മണ്ഡലത്തിൽ 6 ജനകീയ ഹോട്ടലുകൾ ആണ് പ്രവർത്തിച്ചിരുന്നത്. ഇതിൽ ഒരു ജനകീയ ഹോട്ടൽ പ്രവർത്തനം അവസാനിപ്പിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>തദ്ദേശ സ്ഥാപനം</th><th>ജനകീയ ഹോട്ടലിന്റെ പേര്</th></tr>
<tr><td>1</td><td>മലപ്പുറം നഗരസഭ</td><td>മാൽവി ജനകീയ ഹോട്ടൽ</td></tr>
<tr><td>2</td><td>പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്</td><td>സാന്ത്വനം ജനകീയ ഹോട്ടൽ</td></tr>
<tr><td>3</td><td>പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത്</td><td>ജനകീയ ഹോട്ടൽ</td></tr>
<tr><td>4</td><td>ആനക്കയം ഗ്രാമപഞ്ചായത്ത്</td><td>ജനകീയ ഹോട്ടൽ</td></tr>
<tr><td>5</td><td>മൊറയൂർ ഗ്രാമപഞ്ചായത്ത്</td><td>രുചി ജനകീയ ഹോട്ടൽ</td></tr>
<tr><td>6</td><td>കോഡൂർ ഗ്രാമപഞ്ചായത്ത്</td><td>ജനകീയ ഹോട്ടൽ ( പ്രവർത്തനം അവസാനിപ്പിച്ചു )</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രസ്തുത ഹോട്ടലുകളുടെ പ്രവർത്തനത്തിനായി എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നതെന്നും മണ്ഡലത്തിലെ ജനകീയ ഹോട്ടലുകൾക്ക് സബ്സിഡി കുടിശികയിനത്തിൽ എന്ത് തുകയാണ് ഇനിയും കൊടുത്തു തീർക്കാനുള്ളതെന്നും ഓരോ ഹോട്ടലിനും നൽകുവാനുള്ള തുക എത്രയെന്നും വെളിപ്പെടുത്തുമോ; വിശദാംശം നൽകുമോ ?;</td><td>(ബി)</td><td>ജനകീയ ഹോട്ടലുകൾ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക , വൈദ്യുത ചാർജ് , വാട്ടർ ചാർജ് എന്നിവ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് / നഗരസഭകളാണ് വഹിക്കുന്നത്. ഇതിനു പുറമേ ഊണിനു വേണ്ടുന്ന അരി കിലോയ്ക്ക് 10.90 രൂപ നിരക്കിൽ സിവിൽ സപ്ലൈസ് വകുപ്പിൽ നിന്ന് 2024 , ഏപ്രിൽ 30 വരെ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ 2023 ഓഗസ്റ്റ് പതിനൊന്നാം തീയതി വരെ ജനകീയ ഹോട്ടലുകൾ വഴി വിതരണംചെയ്ത ഊണൊന്നിന് 10 രൂപ നിരക്കിൽ സബ്സിഡി നൽകിയിരുന്നു. ജനകീയ ഹോട്ടലുകൾക്ക് നൽകുവാനുള്ള ശേഷിക്കുന്ന സബ്സിഡി കുടുംബശ്രീ മിഷന്റെ 2024 - 25 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലകൾക്ക് വിതരണം ചെയ്തുവരുന്നു.<br><br>മലപ്പുറം മണ്ഡലത്തിലെ ജനകിയ ഹോട്ടലുകൾക്ക് നൽകുവാനുള്ള സബ്സിഡി കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നം.</th><th>തദ്ദേശ സ്ഥാപനം</th><th>ജനകീയ ഹോട്ടലിന്റെ പേര്</th><th>ഇതുവരെ കൊടുത്ത തുക</th><th>2024 - 25 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുന്ന തുക.</th></tr>
</table></td></tr>
</table>

| | | | | |
|---|---|---|---|---|
| 1. | മലപ്പുറം നഗരസഭ | മാൽവി ജനകീയ ഹോട്ടൽ | 1061140 | 154140 |
| 2. | പുൽപ്പറ്റ ഗ്രാമപഞ്ചായത്ത് | സാന്ത്വനം ജനകീയ ഹോട്ടൽ | 2587350 | 446510 |
| 3. | പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് | ജനകീയ ഹോട്ടൽ | 825010 | 101010 |
| 4. | ആനക്കയം ഗ്രാമപഞ്ചായത്ത് | ജനകീയ ഹോട്ടൽ | 1118900 | 110830 |
| 5. | മൊറയൂർ ഗ്രാമപഞ്ചായത്ത് | രുചി ജനകീയ ഹോട്ടൽ | 451120 | 45250 |
| 6. | കോഡൂർ ഗ്രാമപഞ്ചായത്ത് | ജനകീയ ഹോട്ടൽ | 675530 | 91340 |

| | | | |
|---|---|---|---|
| (സി) | വെള്ളം, വൈദ്യുതി, ഗ്യാസ് എന്നിവയുടെ വില വർദ്ധനവ് മൂലം പ്രസ്തുത ഹോട്ടലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായിരിക്കുന്ന സാഹചര്യത്തിൽ സബ്സിഡി കുടിശിക തുക എത്രയും വേഗം വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | ജനകീയ ഹോട്ടലുകൾക്ക് നൽകിയതിനു ശേഷം ബാക്കിയുള്ള സബ്സിഡി തുക കുടുംബശ്രീ മിഷന്റെ 2024 - 2025 വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി ജില്ലകൾക്ക് വിതരണം ചെയ്തുവരുന്നു.<br>ഇത് അടിയന്തരമായി പൂർത്തിയാക്കാൻ ജില്ലാ മിഷനുകൾക്ക് സംസ്ഥാന കുടുംബശ്രീ മിഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ